| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | "Sound Smart" - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Audio Explorers - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Slow News, Big Impact - വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Tech Talk - Duolingo, Hello Talk, Tandem തുടങ്ങിയ app-കൾ ഉപയോഗിച്ചുകൊണ്ട് ഇംഗ്ലീഷ് ശ്രവിക്കുന്നതിനും സംസാരിക്കുന്നതിനും അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Echo chamber - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുടെ സംഭാഷണം കേൾക്കാൻ അവസരം ഒരുക്കുന്നു. അതേ വാചകങ്ങൾ ആവർത്തിച്ചു പറയുന്നതിനും അവസരം ഒരുക്കുന്നു. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Narrative Ninjas:- ഇംഗ്ലീഷ് കഥകൾ വായിക്കുന്നതിനും ഭാവാത്മകമായി അവതരിപ്പിക്കുന്നതിനും അവസരം ഒരുക്കുന്നു. | സെപ്തംബർ ജനുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | @Radiovani വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Reading Palooza ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |

**മേഖല യു.പി. ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Brush & Book - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Eye Catchers - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | English Fiesta ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിത, പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.ടി. സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. ചരിത്ര സ്മാരകങ്ങളുടെ മാതൃകകൾ കുട്ടികളെക്കൊണ്ട് നിർമ്മിപ്പിക്കുക. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **Virtual Field Trip**<br>ഐ.സി.ടി. സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. ഉത്തരമേഖലകളിൽ വികസനപ്രവർത്തനങ്ങൾ കരുതലോടെ ചെയ്യാൻ സമൂഹത്തെ ഓർമ്മപ്പെടുത്തുക. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. വിവിധ സാമൂഹ്യ ചുറ്റുപാടിൽ വളർന്ന കുട്ടികളെ മനസ്സിലാക്കൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ. |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. സ്കൗട്ട്, ഗൈഡ് വിദ്യാർത്ഥികളെ ഉപയോഗിച്ചുകൊണ്ട് ട്രാഫിക് നിയമങ്ങളുടെ പ്രായോഗിക പരിശീലനം. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. ഐ.എ.എസ്. പരീക്ഷയെഴുതി ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന വ്യക്തികളുമായി അഭിമുഖം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## സംസ്കൃതം
## അക്കാദമിക്ക് മാസ്റ്റർപ്ലാൻ
## ക്ലാസ് – 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | **1. ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷര കാർഡ്.<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ.<br>• അക്ഷരമരം നിർമ്മിക്കൽ.<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട് പാഠ പുസ്തകം<br><br>ഐ.സി.ടി. | പി.ടി.എ.<br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | • ചിത്രകഥകൾ.<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ഐ.സി.ടി. | റിസോഴ്സ് അധ്യാപിക |
| 2. വീട് ഒരു പരീക്ഷണശാല.<br>(കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ഐ.സി.ടി. സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>• സ്കിറ്റ് അവതരണം<br>• യോഗാ പരിശീലനം | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3. വായനാലോകം.<br>(കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.) | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേർ ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ. | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം.<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര. | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. ആസ്വാദന ലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>• മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു. | 5 മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ. | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന്. | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്** : ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. ഔഷധസസ്യ പ്രദർശനം, ദശപുഷ്പപ്രദർശനം, അധിനിവേശ സസ്യങ്ങളുടെ ജന്തുക്കളുടെ ആൽബം തയ്യാറാക്കൽ, ലഹരി - ബോധവൽക്കരണം, റോഡ് സുരക്ഷ, ആരോഗ്യം - ശുചിത്വം, ബോധവൽക്കണ ക്ലാസ് - ആരോഗ്യപ്പാട്ടുകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ. |
| | **കണ്ടറിയാനൊരു യാത്ര** : വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. മേഖല - ശാസ്ത്രകേന്ദ്രം കാർഷിക സർവ്വകലാശാല | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** : നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. ആത്മകഥ - ഓക്സിജൻ | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** : ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. സയൻസ് - ആൽബം, മാഗസിൻ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ – എക്സ്പ്ലോർ** : ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>ക്വിസ് - മത്സരങ്ങൾ, ശാസ്ത്രനാടകം, ഫുഡ് ഫെസ്റ്റ് - ഒക്ടോബർ 16<br>തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - നിർമ്മാണ പ്രവർത്തനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ** : ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം** : ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ. സയൻസ് ക്ലബ്ബ് |
| | **യുറേക്കാ** : കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര** : ഐ.സി.ടി.യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **Atal Tinkering Laboratory :** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാനരൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം.<br>ക്ലാസ് തല - സ്കൂൾ തല പഠനോപകരണ നിർമ്മാണ ശില്പശാല -Little Scientist<br>കൊളാഷ് - ദിനാചരണങ്ങൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ<br>ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ.<br>ഗണിത ബുള്ളറ്റിൻ ബോർഡ് | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ. |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം – ഗണിത പൂന്തോട്ടം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ. |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ....... ഉപയോഗിക്കുന്നു.) | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക് Math art club**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5, 6, 7 **ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന** : തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം** : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്....<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നു വർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ., ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി**: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | പി.ടി.എ. |
| | **വാർത്താലോകത്തേക്ക്**: പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **വാർത്താവായന**: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | **സംവാദം/മുഖാമുഖം**: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകൻ | പി.ടി.എ. |
| | **ഇ – കമ്പ്യൂട്ടറിംഗ്**: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസന കളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം**:<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടക ങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവ സരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാ കാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ. സ്കൂൾ | പി.ടി.എ. |
| 6) കുട്ടികളുടെ മാതൃവാണി എഫ്. എം. അവതരണ മികവ്. | **മാതൃവാണി**<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങ ളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കു ന്നു.<br><br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവ തരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്ത യായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച യിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മല യാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ. |

# അക്കാദമിക് പ്ലാൻ - അറബിക്
## എൽ.പി. & യു.പി.

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം** :<br>ലക്ഷ്യം : അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൻ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക.<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br><br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക. | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി.<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br><br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക<br><br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br><br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>ഉദാഹരണം: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ, ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി.<br><br>കമ്പ്യൂട്ടർ | |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4. | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്ത രീക്ഷം സൃഷ്ടിക്കുമ്പോഴാണു, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവു മായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടു കൾ/കഥകൾ/സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി.<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5. | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവ സവും രാവിലെ | 1 വർഷം | മൈക്ക് | |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br>ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക.<br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു. | | | |
| 6. | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7. | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ**:<br><br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ആനിമേഷൻ പ്രദർശനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരിപഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം അറബിക് കാലിഗ്രാഫി) | | | |
| 8. | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ചിത്രീകരണം/മോണോആക്റ്റ്/വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9. | **നല്ല എഴുത്ത്**<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് എഴുത്തുകളാണ്.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br><br>* ചുമർ പത്രിക | | | |
| 10. | **ഡിജിറ്റൽ ലോകം**<br><br>**ലക്ഷ്യം**:<br>• എല്ലാ കുട്ടികൾക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിചയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി.കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11. | **എഴുത്തിന്റെ ലോകം**: | • ക്ലാസ്സ് മാസിക നിർമ്മാണം<br><br>• ചുമർ പത്രിക നിർമ്മാണം<br><br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (എ ഫോർ) സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12. | **മത്സരങ്ങളുടെ ലോകം**: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആർ പാരായണം<br>11. പദഷയറ്റ്<br>12. പസിൾസ് | | | |
| 13. | **ദിനാചരണങ്ങൾ**: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.<br>• നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | 1 വർഷം | | |

# ഉപസംഹാരം

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പഠനബോധന രീതികളിലും ഭൗതീക സാഹ ചര്യങ്ങളുടെ വികസനവും പരിഗണിച്ചിട്ടുണ്ട്.

SSK, MP, MLA, PTA, Ward member, Management, Staff തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജ നപ്പെടുത്തി അവയോട് ചേർന്നുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് വളരെയധികം ആസ്വാദ്യകരവും, പൂർണ പങ്കാളിത്തവും ഉറപ്പിക്കുന്നതിനായി വിദ്യാലയാന്തരീക്ഷം ഒരുക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക് പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങി എല്ലാവിധ പഠനസൗകര്യങ്ങളും വളരെ നല്ലരീ തിയിൽ തന്നെ ഒരുക്കിയിരിക്കുന്നു. കളിയുപകരണങ്ങൾ, ഉദ്യാ നം, മൈതാനം തുടങ്ങിയ വിഭവങ്ങൾ വിദ്യാർത്ഥികൾക്കായി ഒരു ക്കിയിരിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ഊഷ്മ ളമായ ബന്ധങ്ങൾ നിലനിർത്തി, വിദ്യാർത്ഥികളുടെ സർവ്വതോന്മുഖ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.